ലക്കം 42

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## മഴ പെയ്തപ്പോൾ

ലോകത്തിൽ ദൈവം തന്റെ ന്യായവിധി ചൊരിഞ്ഞ് മനുഷ്യവർഗ്ഗത്തെ അവരുടെ കടുത്ത ദുഷ്ടത നിമിത്തം നശിപ്പിച്ച ഒരു കാലം വന്നിരുന്നു. ജനസംഖ്യ വർദ്ധിച്ചപ്പോൾ "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കിയതുകൊണ്ട് യഹോവ അനുതപിച്ചു; അതു അവന്റെ ഹൃദയത്തിനു ദുഃഖമായി. ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നും നശിപ്പിച്ചുകളയും. മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നെ" (ഉല്പത്തി 6:4-7)

പാപത്തിന്റെ സ്വാധീനം വലുതായിരുന്നു. "ദൈവപുത്രന്മാർ" "മനുഷ്യപുത്രിമാരെ" വിവാഹം കഴിക്കുവാൻ തുടങ്ങിയതോടെ അതു കൂടുതൽ വഷളായി (ഉല്പത്തി 6:1-2). ശേത്തിന്റെ വംശത്തിൽ നിന്നുള്ളവരും സ്വർഗ്ഗത്തിലെ ദൈവത്തെ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന പശ്ചാത്തലം ഉണ്ടായിരുന്നവർ ആയിരുന്നു ദൈവത്തിന്റെ പുത്രന്മാർ. ദൈവഭയമില്ലാത്തവരും വിഗ്രഹാരാധികളുമായ കയീന്റെ വംശത്തിലുള്ള പുത്രന്മാരെ അവർ വിവാഹം കഴിക്കുവാൻ തുടങ്ങി. ഇത് ഈ കാലത്തിലും സത്യമാണ്. വിശ്വാസത്തിനു പുറത്തുള്ളവരെ വിവാഹം കഴിക്കുമ്പോൾ ദൈവഹിതത്തിനു പുറത്തുള്ള വിവാഹമാണ് അവർ ചെയ്യുന്നത്; ഒരുകാലത്ത് ദൈവവുമായി കൂട്ടായ്മയിലായിരുന്നവരുടെ ആത്മീയ അധഃപതനമാണ് അതിന്റെ ഫലം.

ദുഷ്ടത നിറഞ്ഞ ലോകത്തിൽ "നോഹയ്ക്കു യഹോവയുടെ കൃപ ലഭിച്ചു" (ഉല്പത്തി 6:8). കാരണം അവൻ ദൈവഹിതം അനുസരിക്കുന്നവൻ ആയിരുന്നു. അതിനാൽ വരുവാനുള്ള നാശത്തിൽ നിന്ന് രക്ഷപ്പെടുവാൻ ദൈവം നോഹയ്ക്കും കുടുംബത്തിനും ഒരു മാർഗ്ഗം ഒരുക്കി. ഒരു ജലപ്രളയത്താൽ ദൈവം ഭൂമിയെ നശിപ്പിക്കുവാൻ നിശ്ചയിച്ചിരുന്നതിനാൽ ഒരു പെട്ടകം നിർമ്മിക്കുന്നതിന് ദൈവം നിർദ്ദേശം നല്കി.



നോഹ നീതിപ്രസംഗി ആയിരുന്നു, വരുവാനിരിക്കുന്ന നാശത്തെയും ന്യായവിധിയെക്കുറിച്ചും അവൻ പ്രസ്താവിച്ചു. എതിർപ്പിനും നിന്ദയ്ക്കും മുന്നിൽ നോഹ ഓരോ വർഷവും പെട്ടകം പണി വിശ്വാസത്തോടെ തുടർന്നുകൊണ്ടിരുന്നു. സംരക്ഷിക്കുവാനുള്ള മൃഗങ്ങൾ പെട്ടകത്തിൽ കയറിയപ്പോൾ "നീയും സർവ്വകുടുംബവുമായി പെട്ടകത്തിൽ കടക്ക" എന്ന് ദൈവം നോഹയോടു കല്പിച്ചു (ഉല്പ. 7:1). ദൈവം നിർദ്ദേശിച്ച ആ ദിവസം വന്നപ്പോൾ "ഇനി ഏഴുദിവസം കഴിഞ്ഞിട്ട് ഞാൻ ഭൂമിയിൽ നാല്പതു രാവും പകലും മഴ പെയ്യിക്കും (4). ദൈവം അവരെ പെട്ടകത്തിൽ അടച്ചു. നോഹയുടെ ആയുസ്സിന്റെ അറുനൂറാം സംവത്സരത്തിൽ ആഴിയുടെ ഉറവുകളെക്കെയും പിളർന്നു ആകാശത്തിന്റെ കിളിവാതിലുകളും തുറന്നു. ഭൂമിയിൽ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വിധം മഴ പെയ്യുവാൻ തുടങ്ങി. ദൈവം താൻ ചെയ്യുമെന്ന് പറഞ്ഞതുപോലെ ചെയ്തു. സർവ്വശക്തനായ ദൈവത്തെ നിരസിച്ചതിനാൽ പെട്ടകത്തിലുള്ളവർ ഒഴികെയുള്ള എല്ലാ ആളുകളും വെള്ളപ്പൊക്കത്തിൽ മരിച്ചു.

**"വരുവാനിരിക്കുന്ന ന്യായവിധിയുടെ മുന്നറിയിപ്പ് അവർ കേട്ടു. അവർക്ക് തങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് തിരിക്കാമായിരുന്നു. എന്നാൽ അവർ ആ സന്ദേശം അവഗണിച്ചു. എന്തായാലും ഒരുദിവസം ആകാശത്തുനിന്ന് മഴത്തുള്ളികൾ വീണു".**


| | |
|---|---|
| പത്രാധിപലേഖനം | 3 |
| ബൈബിൾ പഠനം : അവസാനം ആസന്നമായി | 4 |
| അനുബന്ധ ലേഖനം : കാലം അവസാനിക്കാറായി | 5-6 |
| ഒരു ഗൗരവമേറിയ ഉത്തരവാദിത്വം | 7 |
| നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് ദീർഘക്ഷമയോടെ കർത്താവിന്റെ വരവിനായി കാത്തിരിക്കുക. | 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

ഈ മനുഷ്യൻ ഒരു പെട്ടകം പണിയുന്നത് കണ്ടവർ എങ്ങനെ ആയിരുന്നു എന്ന് ചിന്തിക്കുക. വരുവാനിരിക്കുന്ന ന്യായവിധിയുടെ മുന്നറിയിപ്പ് അവർ കേട്ടു. അവർക്ക് തങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് തിരിക്കാമായിരുന്നു. എന്നാൽ അവർ ആ സന്ദേശം അവഗണിച്ചു. ഏന്തായാലും ഒരു ദിവസം ആകാശത്തുനിന്ന് മഴത്തുള്ളികൾ വീണു. താമസിയാതെ ഒരു പ്രളയം ഉണ്ടായി. വിഗ്രഹാരാധകനും ആജ്ഞേയവാദിയും നിരീശ്വരവാദിയും നോഹയുടെ സന്ദേശത്തിൽ വിശ്വസിച്ചു. പക്ഷേ അതു വളരെ വൈകിപ്പോയി.

മഴ വന്നപ്പോൾ പെട്ടകത്തിനു ചുറ്റും ധാരാളം ആളുകൾ തടിച്ചുകൂടി. “ഞങ്ങളെ അകത്തേക്ക് കടത്തിവിടൂ. വാതിൽ തുറക്കൂ, രക്ഷിക്കൂ” എന്ന് നിലവിളി ഉണ്ടായിരിക്കാം! പക്ഷേ മരണത്തിൽ നിന്നും രക്ഷയ്ക്കുള്ള അവസരം കഴിഞ്ഞുപോയി. കാരണം വാതിൽ അടച്ചിരുന്നു. സമയം കഴിഞ്ഞു.



**“വിഗ്രഹാരാധകനും ആഞ്ജേയവാദിയും, നിരീശ്വരവാദിയും നോഹയുടെ സന്ദേശത്തിൽ വിശ്വസിച്ചു – പക്ഷേ അതു വളരെ വൈകിപ്പോയി”.**

നോഹയുടെ കാലത്തെപ്പോലെ തന്നെ, ദൈവത്തിന്റെ ന്യായസനത്തിലേക്ക് നമ്മെ കൊണ്ടുവരുവാൻ യേശു ഈ ഭൂമിയിലേക്ക് മടങ്ങിവരുമ്പോഴും ഇങ്ങനെ തന്നെ ആയിരിക്കും. “നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും”. ജലപ്രളയത്തിനുമുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്ന് എല്ലാവരേയും നീക്കിക്കളയുവോളം അവർഅറിഞ്ഞതു മില്ല. മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെ ആകും. (മത്തായി 24: 37–39)

2 പത്രോസ് 3:6–7,10 പഠിപ്പിക്കുന്നത്, പുരാതനലോകം വെള്ളത്തിൽ മുങ്ങി നശിച്ചതുപോലെ, ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്തിൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നാണ്. രണ്ടാമതൊരു അവസരം ഉണ്ടാക്കുകയില്ല, രക്ഷയ്ക്കായി പ്രാർത്ഥിക്കുവാൻ സമയവും ലഭിക്കുകയില്ല. ദൈവത്തെ കാണുവാൻ ഒരുങ്ങേണ്ട സമയമിതാണ്. രക്ഷയുടെ പെട്ടകത്തിൽ കയറുവാനുള്ള സമയമിതാണ്. നമ്മൾ അന്ത്യനാളുകളിലാണ് ജീവിക്കുന്നത്. സമയം അതിക്രമിച്ചിരിക്കുന്നു. യേശുക്രിസ്തു വാതില്ക്കൽ ഉണ്ട്. ഈ ലോകം ദൈവത്തിന്റെ അന്തിമന്യായവിധിയിൽ നശിപ്പിക്കപ്പെടുവാൻ പോകുന്നു. ഒരു അവസാനം വരുകയില്ല എന്ന മട്ടിലാണ് ജനങ്ങൾ ജീവിക്കുന്നത്. ലോകം ദൈവത്തിന്റെ വിശുദ്ധന്മാരെ പരിഹസിക്കുന്നു. വിശുദ്ധിയുടെയും വിശുദ്ധീകരണത്തിന്റെയും സിദ്ധാന്തത്തെ ജനങ്ങൾ നിസ്സാരമായി കാണുന്നു. ആളുകൾ സ്വന്തം വഴികൾ അന്വേഷിക്കുകയും അവരുടെ മോഹങ്ങൾ പിന്തുടരുകയും ചെയ്യുന്നു. ഈ ലോകത്ത് പാപവും തിന്മയും വ്യാപകമാണ്. അതു ഏതാണ്ട് അവസാനിച്ചു. ദൈവം പ്രളയം അയച്ചതുപോലെ തന്നെ ഉറപ്പായും തന്റെ പുത്രനെ ന്യായവിധിക്കായും അയയ്ക്കും.

ദൈവത്തിന്റെ വിനാശകരമായ അഗ്നി ഈ ഭൂമിയിൽ ഒഴിക്കുന്നതിനു മുമ്പുള്ള അവസാന നാളുകളിലാണ് നാം ജീവിക്കുന്നത്. യേശു മടങ്ങിവരുമ്പോൾ മാനസാന്തരപ്പെടുവാൻ സമയം ഉണ്ടാകുകയില്ല. ഇപ്പോൾ സമയമായി. വിശ്വസിക്കുവാൻ നിങ്ങൾക്ക് എന്താണ് വേണ്ടത്? നിങ്ങൾ വളരെ വൈകുമോ? കാലം അവസാനിക്കാറായി. ■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കി കൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*"ഇതാ അവൻ മേഘാരൂഢനായി വരുന്നു; എല്ലാ കണ്ണുകളും അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ സകല ഗോത്രങ്ങളൊക്കെയും അവനെ ചൊല്ലി വിലപിക്കും. ഉവ്വ്. ആമേൻ "– വെളിപ്പാട് 1:7*

ഒരു ദിവസം, വിദൂരമല്ല, കർത്താവായ യേശു തന്റെ ദൂതന്മാരൊടൊപ്പം മേഘങ്ങളെ ഭേദിച്ചുകൊണ്ട് വരും. ഒരു നിമിഷത്തിനുള്ളിൽ കണ്ണിമയ്ക്കുന്നതിനിടയിൽ, ഈ അവസാന കാഹളത്തിങ്കൽ കാലം ഇല്ലാതാകും. യുഗങ്ങൾ അവസാനിക്കുകയും ജീവിച്ചിരിക്കുകയും മരിച്ചവരുമായ എല്ലാ തലമുറകളിലേയും എല്ലാ ആളുകളും ഒത്തുചേരുകയും ചെയ്യും. ഒരു സാർവ്വത്രിക പുനഃരുത്ഥാനം ഉണ്ടാകും. ന്യായവിധിയുടെ വെള്ള സിംഹാസനത്തിനു മുമ്പിൽ എല്ലാവരും നില്ക്കും. ജീവന്റെ പുസ്തകം തുറക്കപ്പെടും. നാം എല്ലാവരും വിധിക്കപ്പെടും. നീതിമാന്മാർ കർത്താവിനോടൊപ്പം സ്വർഗ്ഗത്തിൽ എന്നേക്കും ആയിരിക്കുവാൻ നിത്യജീവൻ അവകാശമാക്കും. നീതികെട്ടവർ തീപ്പൊയ്കയിലേക്ക് നിത്യമായി തള്ളപ്പെടും.

ഈ ലക്കത്തിന്റെ ചിന്താഭാരം സുവിശേഷത്തിന്റെ സ്വഭാവമുള്ളതാണ്. വിശുദ്ധനും പാപിയും ദൈവത്തിന്റെ കൈപ്പിടിയിൽ എത്തണമെന്ന് ദൈവത്തിന്റെ ആത്മാവ് ആഗ്രഹിക്കുന്നു എന്ന സത്യം നിലനില്ക്കുന്നു; കാലം അവസാനിക്കാറായി.

കഴിഞ്ഞ കുറച്ചു മാസങ്ങളായി ദൈവത്തിന്റെ ആത്മാവ് എന്റെമേൽ പലതവണ ആവസിച്ചിട്ടുണ്ട്. ഈ ലക്കം വായിക്കുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങളുടെ ആത്മാവിൽ നിങ്ങളെ ചലിപ്പിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഇത് വെറുമൊരു പ്രബന്ധമോ, മറ്റൊരു ഉപദേശമോ, മറ്റൊരു സന്ദേശമോ അല്ല. ഈ ഭൂമിയിലെ സമയം ചെറുതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നതിനുള്ള കർത്താവിന്റെ ഒരു ദിവ്യ ആഹ്വാനമാണിതു. കർത്താവിന്റെ വരവ് വളരെ അടുത്താണ്. യേശു തിരിച്ചുവരുന്നു. അതു ഉടൻ സംഭവിക്കും.

ഈ ലോകത്തിലെ പാപവും അധാർമ്മികതയും എപ്പോഴും കർത്താവിന്റെ മുമ്പാകെയുണ്ട്. സോദോമിലും ഗോമോറെയിലും പോലെ ദൈവത്തിന്റെ ന്യായവിധി വീഴാൻ പോകുന്നു. നിങ്ങളുടെ ജീവനുവേണ്ടി ഓടിപ്പോകുക, രക്ഷിക്കപ്പെടുക. നിങ്ങൾക്ക് ഒരു തൊഴിൽ ഉണ്ടെങ്കിലും പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകും സേവിക്കുകയും ചെയ്തിട്ടില്ലെങ്കിൽ ഇപ്പോൾ ഒരു മാറ്റം വരുത്തേണ്ട സമയമാണ്. നിങ്ങളുടെ ഹൃദയം ദൈവത്തിന്റെ മുമ്പാകെ താഴ്ത്തി കരുണയ്ക്കായി നിലവിളിക്കുക, കാരണം താമസിയാതെ കാലം ഇല്ലാതെയാകും. പിന്മാറ്റക്കാരൻ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങേണ്ട സമയം ഇന്നാണ്. യേശുവിന്റെ രക്തത്തിൽ നിങ്ങൾ ആശ്രയിക്കുന്നില്ലെങ്കിൽ നിങ്ങൾ കൂടുതൽ കൂടുതൽ ദൈവത്തിൽ നിന്ന് അകന്നുപോകും. നമ്മുടെ കുടുംബപ്പേര്, സഭാ പാരമ്പര്യം, പ്രശസ്തി, അല്ലെങ്കിൽ സഭയിലെ സ്ഥാനം എന്നിവയുടെ പുറകിൽ ഒളിച്ചിരിക്കാതെ നമുക്ക് ദൈവമുമ്പാകെ നമ്മുടെ ജീവിതം തുറന്ന മനസ്സോടെയും സത്യസന്ധമായും പരിശോധിക്കാം. സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ മുമ്പാകെ എല്ലാ കാര്യങ്ങളിലും നാം കുറ്റമില്ലാത്തവർ എന്ന് ഉറപ്പാക്കാം.

കർത്താവ് എപ്പോൾ മടങ്ങിവരുമെന്ന് നമുക്ക് അറിയില്ല, എന്നാൽ 2000 വർഷമായി അതിനായുള്ള നിലവിളി ഉയർന്നുവരുന്നു; പക്ഷേ നാം എക്കാലത്തെക്കാളും അടുത്താണ്, "കാലം തികഞ്ഞു" എന്ന പരിശുദ്ധാത്മാവിന്റെ മുന്നറിയിപ്പ് വ്യക്തവും പ്രത്യേകതയുമുള്ളതാണ്. മുന്നറിയിപ്പുകൾ അവഗണിച്ച് നാളെ വരുമെന്ന് കരുതരുത്. പശ്ചാത്തപിക്കേണ്ട പാപങ്ങൾ ഉണ്ട്. നന്നാക്കേണ്ട ബന്ധങ്ങൾ ഉണ്ട്, താഴ്മ കാണിക്കേണ്ട ഹൃദയങ്ങൾ ഉണ്ട്. വ്യക്തിപരമായി ഞാൻ ഒരു മുന്നറിയിപ്പുകാരൻ ആകുവാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും ഒരു മുന്നറിയിപ്പ് നല്കുവാനുള്ള ദൈവത്തിന്റെ ശക്തിയാണ് ഞാൻ ഉദ്ദേശിച്ചത്.

സമയം ഏതാണ്ട് അവസാനിച്ചതിനാൽ നമുക്ക് നമ്മുടെ വീട് ക്രമീകരിക്കാം. എല്ലാ ദിവസവും നമ്മുടെ അവസാനത്തേതുപോലെ ജീവിക്കാം, കാരണം ഒരു ദിവസം ഉടൻ അതു വരും.

**മൈക്കിൾ ഡബ്ല്യു സ്മിത്ത്**

ഇന്റർനെറ്റിൽ

www.thegospeltruth.org

കൂടുതൽ

വായിക്കാം.

> "ഞാൻ മരിക്കണം, പക്ഷേ എപ്പോൾ?
> ഞാൻ ദൈവത്തെ കാണണം, പക്ഷേ എങ്ങനെ?
> ഞാൻ നിത്യതയിൽ വസിക്കും. പക്ഷേ എവിടെ?"



# ബൈബിൾ പഠന സഹായി

## വിഷയം : അവസാനം ആസന്നമായി

**തിരുവചന വായനഭാഗം:** *അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നത്കൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ – മത്തായി 24:44.*

**രത്നച്ചുരുക്കം:** തിരുവചനം അനുസരിച്ച് ഭൂമിയിൽ ദൈവത്തിന്റെ ന്യായവിധിയുടെ ക്രമവും സമയവും സമീപിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവ് ഏറ്റവും അടുത്തിരിക്കുന്നു. ദൈവത്തെ എതിരേല്ക്കുവാൻ ഒരുങ്ങിക്കൊള്ളുക.

### I ദൃഷ്ടാന്ത ഉപമ

പത്തു കന്യകമാർ (മത്തായി 25: 1-13)

### II ദൈവീക ന്യായവിധിയുടെ ക്രമവും സമയവും

A. ആദവും ഹവ്വയും – പ്രളയം : ~1656 വർഷങ്ങൾ

B. പ്രളയം – മോശെയുടെ ന്യായപ്രമാണം : <900

C മോശെയുടെ ന്യായപ്രമാണം – ക്രിസ്തുവിന്റെ മരണം : <1500

D ക്രിസ്തുവിന്റെ മരണം – വർത്തമാനകാലം : <2000

### III ദൈവത്തിന്റെ ന്യായവിധി

A ലൂക്കോസ് 17: 26-29 നോഹയുടെ കാലം പോലെ

B റോമർ 14: 10-12 എല്ലാവരും ന്യായാസനത്തിനു മുമ്പാകെ നിൽക്കും

### IV സമയം അപ്രതീക്ഷിതമായി അവസാനിക്കും

A വെളിപ്പാട് 16:15 യേശു കള്ളനെപ്പോലെ വരും.

B 1 തെസ്സലോനിക്യർ 5: 1-3 സമാധാനം നിർഭയം എന്നു പറയുമ്പോൾ പെട്ടെന്ന് നാശം വരും.

### V ഒരു സമയം നിശ്ചയിച്ചിരിക്കുന്നു.

A. മത്തായി 24:36 പിതാവ് മാത്രം അറിയുന്ന ഒരു സമയം

B അപ്പൊ. പ്രവർത്തികൾ 17:30-31 ലോകത്തെ നീതിയിൽ ന്യായംവിധിപ്പാൻ ഒരുദിവസത്തെ നിശ്ചയിച്ചിരിക്കുന്നു.

C എബ്രായർ 9:27 ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു.

D. ലൂക്കൊസ് 12: 16-21 “ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും”

### VI അവസാനം സമീപിച്ചിരിക്കുന്നു.

A. റോമർ 13:11 “നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു”.

B. 1 പത്രോസ് 4:7 എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരിക്കുന്നു

C. വെളിപ്പാട് 22:20 “ഞാൻ വേഗം വരുന്നു. ആമേൻ”

### VII അവസാന അനുഭവങ്ങൾ


A. 2 പത്രോസ് 3: 3-9 അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ എന്നു ചോദിക്കുന്ന പരിഹാസികൾ

B. 2 പത്രോസ് 3:10-12 നിങ്ങൾ എത്ര വിശുദ്ധവും ഭക്തിയും ഉള്ളവർ ആയിരിക്കുന്നു?

**ഉപസംഹാരം:**

നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക; നീ മരിച്ചുപോകും, സൗഖ്യമാകയില്ല. – യെശയ്യാവ് 38:1

## ദൈവത്തിന്റെ ന്യായവിധിയുടെ സമയവും മാതൃകയും ചരിത്രത്തിൽ



# കാലം
# അവസാനിക്കാറായി



സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. സമയ ഘടികാരത്തിലെ കൈകൾ കറങ്ങിക്കൊണ്ടിരിക്കുന്നു. ഒരു നാളെ മറ്റൊരു ദിവസം, മറ്റൊരു അവസരം എപ്പോഴും ഉണ്ടാകുമെന്ന മട്ടിലാണ് ആളുകൾ ജീവിതം നയിക്കുന്നത്. എന്നിരുന്നാലും നമ്മൾ നിത്യതയുടെവക്കിലാണ് നില്ക്കുന്നത്. കാലം അവസാനിക്കുവാൻ പോകുന്നു എന്ന് നമുക്ക് അറിയാം.

## ക്രിസ്തു മടങ്ങിവരും

യേശു ഉടൻ മടങ്ങിവരുന്നു. അവൻ വരുമ്പോൾ ഈ ഭൂമി നശിപ്പിക്കപ്പെടും. നാം എല്ലാവരും ദൈവത്തിന്റെ ന്യായവിധിയുടെ മുമ്പാകെ നില്ക്കുകയും പിന്നീട് സ്വർഗ്ഗത്തിലോ നരകത്തിലോ നിത്യതക്കായി ജീവിക്കുകയും ചെയ്യും. സമയത്തിന്റെ കണക്ക് ഉണ്ടാകുകയില്ല, കാരണം സമയം ഇനി നിലനില്ക്കുകയില്ല. നിങ്ങൾ ഒരുങ്ങിയോ?

## പത്തു കന്യകമാർ

തന്റെ വരവിനെക്കുറിച്ച് നമുക്ക് മുന്നറിയിപ്പു നല്കുന്നതിനായി യേശു, മത്തായി 25: 1-13ൽ പത്തു  കന്യകമാരുടെ ഉപമ പറഞ്ഞു. കന്യകമാരിൽ അഞ്ചുപേർ ബുദ്ധിയുള്ളവർ ആയിരുന്നു, അഞ്ചുപേർ ബുദ്ധിയില്ലാത്തവരും. മണവാളൻ മടങ്ങിവരുന്നതുവരെ അവർ എല്ലാവരും ദൈവഭക്തിയുടെ ചില അവകാശവാദങ്ങൾ ഉന്നയിച്ചിരുന്നു. കന്യകമാരിൽ അഞ്ചുപേർ ലോകത്തിലെ അനീതിയിൽ നിന്ന് ഒരു പരിധിവരെ വേർപിരിഞ്ഞവർ ആയിരുന്നെങ്കിലും അശ്രദ്ധരായി ജീവിച്ചു. അവർ തങ്ങളുടെ വിളക്കിന് ആവശ്യമായ എണ്ണ കരുതിയില്ല. അവർ ശീതോഷ്ണവാന്മാരായി ദൈവത്തോടുള്ള തീഷ്ണമായ സ്നേഹം നഷ്ടപ്പെടുത്തി പരിശുദ്ധാത്മാവിന്റെ ദൈനംദിന കൃപയ്ക്കും ശക്തിക്കും അവരിൽ സ്വാതന്ത്ര്യം ഇല്ലായിരുന്നു. ഒരിക്കൽ വിളക്ക് കത്തിക്കൊണ്ടിരുന്നിരുന്നു. എന്നാൽ കാലത്തിന്റെയും അവഗണനയുടെയും ഫലമായി തീ അണഞ്ഞു. ഇന്നത്തെ പല ക്രിസ്ത്യാനികളുടെയും അവസ്ഥയാണ് ഇത്.

“പിന്നെ മണവാളൻ താമസിക്കുമ്പോൾ അവർ എല്ലാവരും മയക്കം പിടിച്ച് ഉറങ്ങി” (5) ഈ മണവാളൻ തന്റെ വരവ് താമസിപ്പിക്കുന്നു. ഒരർത്ഥത്തിൽ കഴിഞ്ഞകാല സംഭവമായി ഇതു സൂചിപ്പിക്കുന്നത് ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള മടങ്ങിവരവ് താമസിപ്പിക്കുന്നതിനെയാണ്. മണവാളൻ വരുവാൻ താമസിച്ചതിനാൽ കന്യകമാർ എല്ലാവരും അർദ്ധരാത്രിയോടെ മയക്കം പിടിച്ചു. കത്തുന്ന അഞ്ചുപേരുടെ വിളക്കിനു പുറത്ത് ഇരുട്ടിന്റെ സമയം ആയിരുന്നു. അതു ഒരു ഉറക്കച്ചടവ് നിറഞ്ഞ സമയം ആയിരുന്നു. എല്ലാ ക്രിസ്ത്യാനികളും ഉറങ്ങുകയാണെന്നല്ല ഈ ഉപമ സൂചിപ്പിക്കുന്നത്, എന്നാൽ കർത്താവിനായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിലർ ഉണ്ടായിരിക്കും; അതിനാൽ യേശുക്രിസ്തുവിന്റെ പുനരാഗമനത്തിന് ഉണർന്ന് ജാഗരൂകരായിരിക്കുവാൻ മുന്നറിയിപ്പും ഉപമയിൽ ഉണ്ട്.

“അർദ്ധരാത്രിക്കോ മണവാളൻ വരുന്നു അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളി ഉണ്ടായി” (6). ഇപ്പോൾ അർദ്ധരാത്രിയോട് അടുത്തിരിക്കുകയാണ്. ദൈവത്തെ ആളുകൾ ജീവിതത്തിൽ നിന്ന് പുറത്താക്കുന്നതിനാൽ ലോകം പാപത്തിന്റെയും വഞ്ചനയുടെയും ഇരുട്ടിൽ മൂടപ്പെട്ടിരിക്കുന്നു. മിക്ക ആളുകളും ക്രിസ്തുവിന്റെ വിശുദ്ധിയും ദൈവഭക്തിയും പൂർണ്ണഹൃദയത്തോടെ സ്വീകരിക്കുന്നതിനു പകരം സ്വന്തം സ്വാർത്ഥവഴികൾ പിന്തുടരുന്നു. ഇരുട്ടിൽ ക്രിസ്തു മടങ്ങിവരുന്നതിന്റെ കാഹള നാദം കേൾക്കുവാൻ ഒരുങ്ങുക. ലോകം ആത്മീക അധഃപതനത്തിലേക്ക് വേഗം നീങ്ങുകയാണ്. സമയം പന്ത്രണ്ട് അടിക്കുമ്പോൾ സമയം ഇല്ലാതാകും.

മണവാളൻ മടങ്ങി വന്നപ്പോൾ, ബുദ്ധിയില്ലാത്ത കന്യകമാർ മറ്റുള്ളവരോട് അവരുടെ എണ്ണയിൽ നിന്നും കുറച്ച് ചോദിച്ചു. പക്ഷേ അവർക്ക് ഒന്നും പങ്കുവയ്ക്കുവാൻ ഉണ്ടായിരുന്നില്ല. ഉപമയിൽ എന്നതുപോലെ ദൈവമുമ്പാകെ നമ്മുടെ സ്വന്തം ആത്മീയ അനുഭവത്തിന് നാം ഓരോരുത്തരും ഉത്തരവാദികൾ ആണ്. നാം ദിവസവും ദൈവത്തെ അന്വേഷിക്കുകയും കർത്താവിന്റെ മടങ്ങിവരവിനായി ഒരുങ്ങി ജീവിക്കുകയും വേണം. ബുദ്ധിയില്ലാത്ത കന്യകമാർ എണ്ണവാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യയ്ക്ക് കടക്കുകയും വാതിൽ അടയുകയും ചെയ്തു (10) എന്ന് ഉപമ പഠിപ്പിക്കുന്നു. യേശു മടങ്ങിവരുമ്പോൾ സൂചിപ്പിച്ചതുപോലെ വളരെ വൈകിപ്പോകുവാൻ ഇടവരും. പുനഃക്രമീകരിക്കുവാൻ ഇനി അവസരം ഉണ്ടാകുകയില്ല. പ്രാർത്ഥിക്കുവാനും ക്ഷമ ചോദിക്കുവാനും സമയം ലഭിക്കുകയില്ല. ആ നിമിഷത്തിൽ നാം എല്ലാവരും ആയിരിക്കുന്നതുപോലെ കർത്താവിനെ എതിരേല്ക്കണം. നോഹയുടെ കാലത്തു മഴ പെയ്തപ്പോൾ ചെയ്തതുപോലെ ബുദ്ധിയില്ലാത്ത അഞ്ച് കന്യകമാർ കർത്താവിനോട് നിലവിളിച്ചു. അതിനു കർത്താവ് പറഞ്ഞത് “ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായി നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു. ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ (12-13)

## ന്യായവിധിയുടെ മാതൃക


ഇവിടെ മറ്റൊരു വർഷത്തെക്കുറിച്ചുള്ള ഉറപ്പില്ല, നാളെയുടെ ഉറപ്പും ഇല്ല. ദൈവത്തിന്റെ വിധികളുടെ സമയവും മാതൃകയും പരിഗണിക്കുമ്പോൾ കാലം സമീപിച്ചിരിക്കുന്നും എന്ന് വ്യക്തമാണ്. ആദാമും ഹവ്വയും പാപം ചെയ്ത 1656 വർഷങ്ങൾക്കുശേഷം ആയിരുന്നു ദൈവം ഒരു പ്രളയത്താൽ ഭൂമിയെ നശിപ്പിച്ചത്, പ്രളയത്തിനുശേഷം 900 വർഷത്തിനുള്ളിൽ ദൈവം തന്റെ ജനത്തിന് മോശെ മുഖാന്തരം ഒരു ഉടമ്പടി നല്കി. മോശെയിൽ കൂടി നല്കിയ ന്യായപ്രമാണം യേശുക്രിസ്തുവിൽ കൂടിയുള്ള കൃപാകാലഘട്ടം തുടങ്ങുന്നതിനു മുമ്പുള്ള 1500 വർഷങ്ങൾ നിലനിന്നിരുന്നു. ക്രിസ്തു ക്രൂശിൽ മരിച്ച് മനുഷ്യവർഗ്ഗത്തെ പാപത്തിൽ നിന്ന് വീണ്ടെടുത്തിട്ട് 2000 വർഷങ്ങൾ കഴിഞ്ഞു.

## ഇനിയും എത്ര നാൾ?

പൊതുവെ നോക്കിയാൽ നമ്മുടെ ലോകം ക്രിസ്തുവിനെ തള്ളിക്കളഞ്ഞ്, പാപം സമൃദ്ധമാക്കിക്കൊണ്ടിരിക്കുകയാണ്. "മതി" എന്നു പറയുന്നതിനു മുൻപ് ദൈവം എത്രകാലം കൂടി കാത്തു നില്ക്കും? നോഹയുടെ കാലത്തു സംഭവിച്ചതു പോലെ മനുഷ്യപുത്രന്റെ നാളുകളിലും ഉണ്ടാകും' (ലൂക്കൊസ് 17:26). ജനം തിന്നുകയും കുടിക്കുകയും വിവാഹം കഴിക്കുകയും ജോലി ചെയ്തു ജീവിതം നയിക്കുന്നു. അപ്പോൾ ദൈവത്തിന്റെ ന്യായവിധി വന്നുഭവിക്കും. കർത്താവ് മടങ്ങിവരുമ്പോൾ "എല്ലാമുഴങ്കാലും മടങ്ങും എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്ന് കർത്താവ് അരുളിചെയ്യുന്നു" (റോമർ 14:11) അധികം താമസിക്കാതെ ഇനി അവിശ്വാസികൾ ഉണ്ടാകുകയില്ല, കാരണം നാം അവനെ അവന്റെ എല്ലാ മഹത്വത്തിലും അധികാരത്തോടെയും കാണും. എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കുകയും ദൈവത്തിന് സ്വയം കണക്ക് നല്കുകയും ചെയ്യും.

## നിനയാത്ത നാഴികയിൽ അവസാനം

കാലം അപ്രതീക്ഷിതമായി അവസാനിക്കും, കാരണം ക്രിസ്തു നൊടിയിടയിൽ പ്രത്യക്ഷനാകും. "ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിക്കുവാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ" (വെളിപ്പാട് 16:15). നിങ്ങൾ ഉടുപ്പ് വൃത്തിയായും നിർമ്മലമായും സൂക്ഷിക്കുന്നുണ്ടോ അതോ പാപകരമായ ജഡിക കറകളാൽ മൂടപ്പെട്ടിരിക്കുകയാണോ? "സഹോദരന്മാരെ കാലങ്ങളെയും സമയങ്ങളെയും കുറിച്ച് നിങ്ങളെ എഴുതി അറിയിക്കുവാൻ ആവശ്യമില്ല. കള്ളൻ രാത്രിയിൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു എന്ന് നിങ്ങൾ തന്നെ നന്നായി അറിയുന്നുവല്ലോ", (1 തെസ്സ 5:1-3) നിങ്ങൾ ഇപ്പോൾ വായിക്കുന്നതിൽ നിന്നും ഉപരിയായി ക്രിസ്തു എപ്പോൾ മടങ്ങിവരുമെന്നതിന് ഒരു മുന്നറിയിപ്പ് നല്കുവാനില്ല. അതു പെട്ടെന്ന് സംഭവിക്കും.



"നിങ്ങൾ ഇപ്പോൾ വായിക്കുന്നതിൽ നിന്നും ഉപരിയായി ക്രിസ്തു എപ്പോൾ മടങ്ങിവരുമെന്നതിന് ഒരു മുന്നറിയിപ്പ് നല്കുവാനില്ല. അതു പെട്ടെന്ന് സംഭവിക്കും".

ദൈവം മാത്രമല്ലാതെ മറ്റാരും കാലം അവസാനിക്കുന്നതിനെക്കുറിച്ച് അറിയുന്നില്ല. ആ നാളും നാഴികയും സംബന്ധിച്ച് എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" (മത്തായി 24:36). ശുശ്രൂഷകന്മാരും മതസംഘടനകളും കർത്താവ് വരുന്ന സമയത്തെക്കുറിച്ച് പ്രവചിച്ചിട്ടുണ്ട്. ഇത് ജഡത്തിലുള്ള വ്യർത്ഥമായ കാര്യമത്രേ, കാരണം തിരുവചനം പഠിപ്പിക്കുന്നത് ദൈവം മാത്രമാണ് ആ സമയം അറിയുന്നതു എന്നാണ്. എന്നിരുന്നാലും അന്തനാളുകളിലാണെന്നും അവസാനം അടുത്തിരിക്കുന്നുവെന്നും നമ്മെ അറിയിക്കുന്ന തന്റെ വചനം നമുക്കു നല്കിയിട്ടുണ്ട്.

## ഒരു ദിവസം നിയമിച്ചിരിക്കുന്നു.

ദൈവം "താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിക്കുവാൻ ഒരു ദിവസത്തെ നിശ്ചയിച്ചു." (അപ്പൊ. പ്രവർത്തികൾ 17:31). അവൻ ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്, എല്ലാ സൂചനകളും അനുസരിച്ച് ആ ദിവസം വേഗത്തിൽ അടുത്തുകൊണ്ടിരിക്കുന്നു. ആരും ആ ദിവസത്തിൽ നിന്ന് രക്ഷപ്പെടുകയില്ല. ലൂക്കോസ് 12: 16 -21ൽ യേശു തന്റെ ഭാവിക്കായി വലിയ പദ്ധതികൾ ഉണ്ടാക്കിയ ഒരു ധനികന്റെ ഉപമ പറഞ്ഞു. തന്റെ കളപ്പുരകൾ പൊളിച്ച് അധികം വലിയവ പണിതു, വിളവും വസ്തുവകകളെല്ലാം കൂട്ടിവച്ച് ആസ്വദിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു പറഞ്ഞവനോട്; "മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിക്കും" (20) ദൈവത്തെ നിത്യതയിൽ കാണുവാനുള്ള ഒരുക്കം ഇല്ലാതെ ആ മനുഷ്യൻ പോയി. ഈ രാത്രിയിൽ കർത്താവ് മടങ്ങിവന്നില്ലെങ്കിൽപ്പോലും ഇത് നിങ്ങളുടെ സമയം ആയിരിക്കാം. നിങ്ങളുടെ പ്രാണൻ നിങ്ങളോട് ചോദിച്ചാൽ നിങ്ങൾ തയ്യാറോണോ? നിങ്ങളുടെ പ്രാണനെ വിളിക്കുന്ന സമയം നിങ്ങൾക്ക് മാറ്റുവാൻ കഴിയുകയില്ല.

## ഇതാ ഞാൻ വേഗം വരുന്നു.

കാലം കഴിയുന്നു "എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മലരുമായിരിപ്പിൻ (1 പത്രോസ് 4:7). 2000 വർഷങ്ങൾക്കു മുൻപ് ക്രിസ്തു യോഹന്നാനോട് സാക്ഷ്യപ്പെടുത്തി, "ഇതാ ഞാൻ വേഗം വരുന്നു" (വെളിപ്പാട് 22:20). അവൻ ഇപ്പോൾ എവിടെയാണ്? തീർച്ചയായും അവൻ വാതില്ക്കൽ നില്ക്കുന്നു. അന്ത്യകാലത്തു പരിഹാസികൾ വരും. അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? എന്ന് ചോദിക്കും (2 പത്രോ 3:3-4). ഇതു വളരെക്കാലം ആയി എങ്കിലും ലോകം ഒരിക്കൽ വെള്ളത്താൽ നശിപ്പിക്കപ്പെട്ടതു പോലെ ഇപ്പോഴുള്ള ലോകം തീയ്ക്കായി സൂക്ഷിച്ചിരിക്കുന്നു എന്ന് പത്രോസ് അവർക്കു മുന്നറിയിപ്പു നല്കി. ദൈവം ദീർഘക്ഷമയുള്ളവനാണ്. "ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിക്കുന്നു" (9)

## അവന്റെ വരവിനായി ഒരുങ്ങിയിരിക്കുവിൻ

"ഇങ്ങനെ ഇവയൊക്കെയും അഴിയുവാനുള്ളതായിരിക്കുകയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ആ ദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനും ഭക്തിയും ഉള്ളവർ ആയിരിക്കണം? (2 പത്രോസ് 3:11) സമയം ഏതാണ്ട് കഴിഞ്ഞു. അതിനാൽ ക്രിസ്തു എപ്പോൾ വേണമെങ്കിലും മടങ്ങിവരും. നിങ്ങൾ തയ്യാറായോ? ഇല്ലെങ്കിൽ ഈ നിമിഷം മാനസാന്തരപ്പെട്ട് യേശുവിനെ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ച് നിത്യതയ്ക്കായി ഒരുങ്ങുവാനുള്ള സമയമാണിത്. നിങ്ങൾ ഇപ്പോൾ തയ്യാറാകുവാൻ വിസമ്മതിച്ചാൽ നാളെ നിങ്ങൾക്ക് സാധ്യമാകുകയില്ല.■

# ഒരു ഗൗരവമേറിയ ഉത്തരവാദിത്വം

(ബൈബിൾ പാഠങ്ങൾ വാല്യം 17 No. 4, 1985)

*ലെസ്‌ലി സി. ബസ്ബി*



പത്രോസിൽ നിന്നും പൗലൊസിൽ നിന്നും യാക്കോബിൽ നിന്നും യേശു വീണ്ടും വരുന്നു എന്നതിനെക്കുറിച്ചുള്ള പ്രവചനങ്ങൾ നമുക്കുണ്ട്. ഈ കാര്യങ്ങൾ നിവൃത്തിയാകുന്ന മഹത്തായതും അന്തിമവുമായ ആ ദിവസത്തിലേക്ക് ദിവസങ്ങൾ അതിവേഗം പായുകയാണ്. അവൻ തന്റെ വാഗ് ദത്തം പാലിക്കുമെന്ന് മുൻകൂട്ടി പറഞ്ഞതിനാൽ നമുക്ക് ഉറപ്പുള്ളവരായിരിക്കാം അതു നാം വിചാരിക്കുന്നതിലും അടുത്താണ്. "അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ അവർക്കു പെട്ടെന്ന് നാശം വന്നുഭവിക്കും.'. ഇന്നത്തെ ലോകത്തിന്റെ സ്പന്ദനം സമാധാനത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള പരിശ്രമമാണ്. ഈ ദുഷ്ടലോകത്തിൽ മനുഷ്യൻ എത്രമാത്രം സുരക്ഷിതനാകുന്നു എന്നതോ ജീവിതത്തിലെ ഭൗതിക കാര്യങ്ങളിൽ അവൻ എത്രമാത്രം സമ്പന്നരാക്കുന്നു എന്നതോ പ്രശ്നമല്ല; ഇതെല്ലാം ഒരു നിമിഷംകൊണ്ട് അവരിൽ നിന്ന് ഒഴിഞ്ഞുപോകും, ക്രിസ്തുവിന്റെ വരവിൽ ലോകം നശിപ്പിക്കപ്പെടും. അവനെ കാണുവാൻ തയ്യാറാകുമ്പോൾ ആളുകൾക്ക് ഇനി മറ്റൊരു എടുക്കപ്പെടീലോ ആനന്ദദിനങ്ങളോ ഉണ്ടാകുകയില്ല. യേശു വരുമ്പോൾ മരിച്ചവർ ഉയിർത്തെഴുന്നേല്ക്കും, വിശുദ്ധന്മാരും പാപികളും, നീതിമാന്മാരും ദുഷ്ടന്മാരും, നല്ലവരും അനീതി ചെയ്യുന്നവരും എല്ലാം. ഇതെല്ലാം ഒരേസമയം സംഭവിക്കും. ദൈവത്തെ അറിയാത്തവരോട് പ്രതികാരത്തിനായും അവന്റെ വിശുദ്ധന്മാരാൽ മഹത്വപ്പെടുവാനും അവൻ വരും. നീതിമാന്മാരുടെയും ദുഷ്ടന്മാരുടെയും പുനരുത്ഥാനത്തിനിടയിൽ ആയിരം വർഷത്തെ ഒരു ഇടവേള ഉണ്ടാകുകയില്ല. നാം അവനാൽ അംഗീകരിക്കപ്പെടണമെങ്കിൽ അവന്റെ വരവിങ്കൽ നാം ഒരുങ്ങിയ അവസ്ഥയിൽ ആയിരിക്കണം. എല്ലാ പിറുപിറുപ്പും, കോപവും, കലഹവും കയ്പ്പും നമ്മുടെ ഹൃദയത്തിൽ നിന്ന് പുറത്തുപോകണം. ആ ദിവസം മനുഷ്യപുത്രന്റെ മുമ്പാകെ നില്ക്കുവാൻ നാം യോഗ്യരാണെന്ന് കണക്കാക്കുവാൻ ഇതു വളരെയധികം നമ്മെ സഹായിക്കും.

ദൈവമക്കളുടെ ഏറ്റവും വലിയ ദൃഢനിശ്ചയവും ആഗ്രഹവുമാണ് കർത്താവിനെ കാണുവാൻ തയ്യാറാകുക എന്നത്. അതു എല്ലാദിവസവും നമ്മുടെ മനസ്സുകളിൽ ഉണ്ടായിരിക്കണം. ഇന്ന് ആ ദിവസം ആകാം. എന്നിരുന്നാലും നമ്മുടെ ഹൃദയങ്ങളും മനസ്സുകളും ഈ ദുഷ്ട ലോകത്തിൽ നിന്ന് അകന്ന് ഉയരത്തിലുള്ള ആ നിക്ഷേപത്തിൽ കേന്ദ്രീകരിച്ച് ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നിടമായതിൽ പ്രതീക്ഷിച്ച് അവൻ വരുന്ന ദിവസം വരെയും കാത്തിരിക്കണം. "ക്രിസ്തുവും അങ്ങനെതന്നെ. അനേകരുടെ പാപങ്ങളെ ചുമക്കുവാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു. തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും" (എബ്രായർ 9:28). "അവന്റെ പ്രത്യക്ഷത കാത്തിരിക്കുന്ന ഏവർക്കും ജീവകിരീടം നല്കുമെന്ന് പൗലൊസ് പറഞ്ഞു. ഓ... നാം അവനോടുള്ള വിശ്വസ്തതയിൽ ജീവിക്കുകയും നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും അവനെ ഉയർത്തി നിർത്തുകയും ചെയ്താൽ ക്രിസ്തു ആകാശമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടും കൂടി വരുന്ന സമയം വലിയ സന്തോഷത്തോടെ അവനെ എതിരേൽക്കാം. എല്ലാ വാക്കുകളിലും ദൈവഭക്തിയിലും അവനിൽ സമാധാനവും കുറ്റമില്ലാത്തവരും നിഷ്ക്കളങ്ക വ്യക്തികളുമായിരിക്കുവാൻ നമ്മെ പ്രബോധിപ്പിക്കുന്നു. ഇവ നമുക്ക് ഗൗരവമേറിയ ഉത്തരവാദിത്വമാണ്. ലൂക്കോസ് 21:36ൽ യേശു നമ്മോട് പറഞ്ഞു, ആകയാൽ ഈ സംഭവിക്കുവാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്ക്കുവാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുകൊണ്ടിരിപ്പിൻ" ക്രിസ്ത്യാനിയായി കഷ്ടം സഹിച്ച് അവിടെ പ്രതിഫലം വാങ്ങുന്നത് ഭാഗ്യമല്ലേ. നമുക്ക് മുമ്പ് ജീവിച്ചിരുന്ന വിശുദ്ധന്മാർ വീണ്ടും ജീവനിലേക്കും ഊർജ്ജസ്വലതയിലേക്കും
അവബോധത്തിലേക്കും ഉയർക്കുന്നതിനെക്കുറിച്ച് ചിന്തിക്കുക! ഈ വരുന്ന വർഷം ഈ പഴയ ഗ്രഹമായ ഭൂമിയുടെ അവസാനത്തെ വർഷമായിരിക്കാം. കർത്താവിന്റെ വരവ് 20 വർഷം അകലെയാണെങ്കിൽ നമുക്ക് അതുവരെ അടുത്തതായി കണക്കാക്കാം, അല്ലേ? പത്തുവർഷം അകലെയാണെങ്കിൽ അതു കൂടുതൽ അടുത്തിരിക്കുന്നു. അല്ലെങ്കിൽ അഞ്ചുവർഷം അകലെയാണെങ്കിൽ അത് എത്ര അടുത്താണ് എന്ന് നോക്കൂ! കാരണം ഇവ വളരെ ചെറിയ സമയ ഇടവേളകൾ ആണ്. വളരെ വേഗം കടന്നുപോകും. ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് അവന്റെ പ്രത്യക്ഷതയ്ക്കായുള്ള കാത്തിരിപ്പിലേക്കും കർത്താവ് നമ്മുടെ ഹൃദയങ്ങളെ നയിക്കട്ടെ. ■



**"ഇന്ന് ആ ദിവസം ആകാം. എന്നിരുന്നാലും നമ്മുടെ ഹൃദയങ്ങളും മനസ്സുകളും ഈ ദുഷ്ടലോകത്തിൽ നിന്ന് അകന്ന് ഉയരത്തിലുള്ള ആ നിക്ഷേപത്തിൽ കേന്ദ്രീകരിക്കുക".**

Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

ക്രിസ്തുവിന്റെ രണ്ടാംവരവ് പുതിയ നിയമത്തിലെ ഒരു പ്രധാന പ്രമേയമാണ്. കർത്താവിന്റെ ആദ്യവരവിനെക്കാൾ എട്ടുമടങ്ങ് കൂടുതൽ തവണ ഇതു പരാമർശിക്കപ്പെട്ടിരിക്കുന്നു. പുതിയ നിയമത്തിൽ 300ൽ അധികം തവണ ഇത് പരാമർശിക്കപ്പെട്ടിരിക്കുന്നു.

("ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള വസ്തുതകൾ" ക്രിസ്ത്യൻ കൊറിയർ 9-20-2022)

if Undelivered
Please return to:


***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.

തക്കസമയത്ത് പറഞ്ഞ വാക്ക്

# ദീർഘക്ഷമയോടെ കർത്താവിന്റെ വരവിനായി കാത്തിരിക്കുക.

*നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ, നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു- യാക്കോബ് 5:8*

സമൂഹത്തിൽ പാപം പെരുകുകയും ജീവിതത്തിൽ കണ്ണുനീർ ഒഴുക്കുകയും ചെയ്യുന്നുണ്ടെങ്കിലും ദൈവമക്കളായ നമുക്ക് മെച്ചപ്പെട്ടതായ ഒരു ദിവസത്തിന്റെ അത്ഭുതകരവും തിളക്കവും ഉള്ളതായ ഒരു പ്രത്യാശ ഉണ്ട്. രക്ഷിക്കപ്പെട്ടവർക്ക് കർത്താവിന്റെ വരവ് ഭയാനകമായ ഒരു കാര്യമല്ല. കർത്താവായ യേശു മേഘങ്ങളെ ഭേദിച്ച് സ്വർഗ്ഗത്തിലെ നമ്മുടെ നിത്യഭവനത്തിലേക്ക് നമ്മെ കൊണ്ടുപോകുന്ന ദിവസത്തിനായി നാം ആകംക്ഷയോടെ കാത്തിരിക്കുന്നു. ഇനി കണ്ണുനീർ ഉണ്ടാകുകയില്ല, ഹൃദയവേദന ഉണ്ടാകുകയില്ല, വേദനയോ, രോഗമോ ഉണ്ടാകുകയില്ല. നഷ്ടപ്പെട്ട പ്രിയരെക്കുറിച്ച് ഭാരം ഉണ്ടാകുകയില്ല. നമ്മെ സ്നേഹിക്കുകയും നമ്മുടെ വീണ്ടെടുപ്പിനായി ജീവൻ നൽകുകയും ചെയ്തവന്റെ സാന്നിദ്ധ്യത്തിൽ നാം ആയിരിക്കും "ബ്രൈറ്റ് ആന്റിസിപ്പേഷൻ" എന്ന ഗാനം പറയുന്നു; "ഞാൻ കാത്തിരിക്കുന്നു ആഹ്വാനങ്ങൾ വരുന്നതിനായി ഞാൻ ആഗ്രഹിക്കുന്നു, ദുഃഖത്തിൽ നിന്നും കഷ്ടതയിൽ നിന്നും നാം സ്വതന്ത്രമാകുമ്പോൾ യേശുവിനൊപ്പം ഞാൻ ആ സ്വർഗ്ഗീയ ഭവനത്തിൽ വാഴുമ്പോൾ അതിന്റെ ഭംഗി ഞാൻ എന്നേക്കും കാണും.'



സ്വർഗ്ഗത്തിൽ എത്ര അത്ഭുതകമായ ഒരു ദിവസം ആയിരിക്കും അത്. എന്നിരുന്നാലും നമ്മൾ ഇതുവരെ അവിടെ എത്തിയിട്ടില്ല. ഭാരങ്ങൾ കഠിനമായും രാത്രിക്ക് അവസാനമില്ലെന്ന് തോന്നുമ്പോഴും വിശ്വാസം മുറുകെ പിടിക്കുക കാരണം "കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു. ചില ആളുകൾ സാഹചര്യങ്ങളുടെ ഇരുട്ടിൽ സ്ഥിരതാമസമാക്കുകയും സ്വർഗ്ഗത്തെക്കുറിച്ചുള്ള പ്രത്യാശ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. മറ്റു ചിലർ വീണുപോയ ലോകത്തിന്റെ
തത്വചിന്തകളും സമ്മർദ്ദങ്ങളും അംഗീകരിക്കുകയും ദൈവത്തോടനുള്ള തീഷ്ണതയും ലക്ഷ്യവും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. മറ്റുചിലർ ജീവിതത്തിന്റെ സ്വാധീനത്തിലും ഇരുട്ടിലും തങ്ങളുടെ സ്നേഹം ക്ഷയിക്കുവാൻ അനുവദിക്കുന്നു.

സഹാദരാ സഹോദരീ ക്ഷമയോടെ കാത്തിരിക്കുകയും ദുഃഖത്തിന്റെ ഈ തല്പരയിൽ നിന്നുള്ള മോചനം ഉടൻ വരുമെന്ന അറിവിൽ വിശ്രമിക്കുകയും ചെയ്യുക. നാം ലോകത്താൽ വശീകരിക്കപ്പെടരുത്, പ്രത്യുത നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ സ്നേഹത്തിൽ ഉറപ്പിക്കുകയും ചെയ്യാം. ക്ഷമയോടെ കാത്തിരിക്കുക, ദൈവസ്നേഹം ആഴത്തിൽ കുഴിച്ചെടുക്കുക, ആത്മാർത്ഥമായി നിങ്ങൾ അദ്ധ്വാനിക്കുക. ദൈനംദിന ജീവിതത്തിൽ ജാഗ്രതയും ശ്രദ്ധയും നിലനിർത്തുക. നമുക്കു യേശുവിൽ നമ്മുടെ കണ്ണുകൾ ഉറപ്പിക്കാം. നിരാശയിലേക്കും നിരുത്സാഹത്തിലേക്കും നമ്മുടെ കൈകൾ നീട്ടരുതു. കർത്താവായ യേശുവിന്റെ വരവ് അടുത്തു വരുന്നതുകൊണ്ട് കാത്തിരിക്കാം. ■




Chief Editor **Michael W. Smith** | Malayalam Editor: **Baby Mathew** | Asst. Editor **N.V Shaji** | Publisher: **Biju J. Varghese**